# പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 488

## 13/01/2021 ൽ മറുപടി നൽകേണ്ടത്

### സാമൂഹ്യ ക്ഷേമ പെൻഷൻ

**ചോദ്യം**

ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. സി.കൃഷ്ണൻ
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീമതി. യു.പ്രതിഭ

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സമ്പന്ന വിഭാഗങ്ങളിൽപെട്ടവർ ഒഴികെയുള്ള സംസ്ഥാനത്തെ അറുപത് വയസ്സ് കഴിഞ്ഞ എല്ലാവർക്കും ക്ഷേമ പെൻഷൻ ലഭ്യമാക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനു അനുസരിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള അപേക്ഷകർക്കെല്ലാം സർക്കാരിന്റെ പ്രഖ്യാപിത നയത്തിനു അനുസരിച്ച് സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തുന്ന സമയത്ത് ക്ഷേമ പെൻഷൻ തുക എത്രയായിരുന്നെന്നും എത്ര പേർക്ക് ലഭിച്ചിരുന്നെന്നതിന്റെയും കണക്ക് ലഭ്യമാക്കാമോ; കഴിഞ്ഞ സർക്കാരിന്റെ അഞ്ചു വർഷക്കാലത്ത് ആകെ എത്ര തുക ക്ഷേമപെൻഷനായി ചെലവഴിച്ചിരുന്നുവെന്ന് അറിയിക്കാമോ; | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ആകെ 4132826 പേർക്കാണ് സാമൂഹ്യ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ചിരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | തുക (രൂപ) |
|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സിന് മുകളിൽ | 1500 |
| | | പ്രായം 75 വയസ്സ് വരെ | 600 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനവും അതിനു മുകളിലും | 1100 |

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td>വൈകല്യമുള്ളവർ</td><td></td></tr>
<tr><td></td><td></td><td>80 ശതമാനത്തിനു താഴെ വൈകല്യമുള്ളവർ</td><td>800</td></tr>
<tr><td>3</td><td>ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ</td><td></td><td>800</td></tr>
<tr><td>4</td><td>കർഷക തൊഴിലാളി പെൻഷൻ</td><td></td><td>600</td></tr>
<tr><td>5</td><td>50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ</td><td></td><td>800</td></tr>
</table>
ക്ഷേമനിധി ബോർഡ് പെൻഷനുകൾ വ്യത്യസ്ത നിരക്കിലായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ 5 വർഷക്കാലത്ത് ആകെ 9311.22 കോടി രൂപയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചത്. ക്ഷേമനിധി ബോർഡുകൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.
</td>
</tr>
<tr>
<td>(സി)</td>
<td>ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ക്ഷേമ പെൻഷൻ കുടിശ്ശികയായിരുന്നോ; എങ്കിൽ എത്ര കോടി കുടിശ്ശികയുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്താമോ;</td>
<td>ഈ സർക്കാർ അധികാരത്തിൽ എത്തുമ്പോൾ സാമൂഹ്യ സുരക്ഷാ/ക്ഷേമ നിധി ബോർഡ് പെൻഷനുകൾ കുടിശ്ശികയുണ്ടായിരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1473.67 കോടി രൂപയും ക്ഷേമനിധി ബോർഡുകൾക്ക് 260.35 കോടി രൂപയും ഉൾപ്പെടെ ആകെ 1734.02 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു.</td>
</tr>
<tr>
<td>(ഡി)</td>
<td>ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര പേർക്ക് പുതുതായി ക്ഷേമ പെൻഷൻ അനുവദിച്ചെന്നും ഈ സർക്കാരിന്റെ കാലത്ത് ഇതു വരെയായി ആകെ</td>
<td>ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 4132826 ആയിരുന്നു. സേവനയിലെ കണക്കുകൾ പ്രകാരം നിലവിൽ 5562802</td>
</tr>
</table>

| | | |
|---|---|---|
| | എത്ര കോടി രൂപ ക്ഷേമ പെൻഷനായി നൽകിയെന്നും അറിയിക്കാമോ; | സാമൂഹ്യസുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. ഈ സർക്കാർ ഇതുവരെ 1429976 പേർക്കുകൂടി പുതുതായി പെൻഷൻ നൽകിയിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 27317.08 കോടി രൂപയും, ക്ഷേമനിധി ബോർഡു പെൻഷൻ വിതരണത്തിനായി 4067.15 കോടി രൂപയും ചേർത്ത് ആകെ 31384.23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഇ) | കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് ക്ഷേമ പെൻഷൻ നൽകുന്നതെന്ന പ്രചരണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | ബി.പി.എൽ വിഭാഗത്തിലുള്ള 688329 ഗുണഭോക്താക്കൾക്കു മാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നീ ഇനങ്ങൾക്കു മാത്രമേ കേന്ദ്ര സഹായം കിട്ടുന്നുള്ളൂ. കിട്ടുന്ന തുക തുലോം ചെറുതാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>05/01/2021 ലെ സ.ഉ(എം.എസ്) നം.3/2021/ധന പ്രകാരം 2021 ജനുവരി മുതൽ ക്ഷേമ പെൻഷൻ തുക 1500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (എഫ്) | ഇത്തരത്തിലുള്ള ക്ഷേമ ചെലവുകളോടൊപ്പം തന്നെ വികസന ചെലവു കൂടി വർദ്ധിപ്പിക്കാനായിട്ടുണ്ടോ എന്നറിയിക്കാമോ? | ക്ഷേമചെലവുകളോടൊപ്പം തന്നെ വികസന ചെലവുകളിലും വർദ്ധനവ് എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് സർക്കാർ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബജറ്റിൽ നിന്ന് മൊത്തം മൂലധനചെലവ് 29689 കോടി രൂപയായിരുന്നു. ഈ സർക്കാരിന്റെ നാലു വർഷക്കാലയവിൽ ബജറ്റിൽ നിന്ന് മൊത്തം മൂലധനചെലവ് 40497 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പെൻഷൻ ഇനം | പെൻഷൻ ഉപ വിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം | പ്രതിമാസ കേന്ദ്ര വിഹിതം | ആകെ |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 75 വയസ്സ് വരെ | 1300 | 200 | 1500 |
| | പ്രായം 75 വയസ്സിന് മുകളിൽ 80 വയസ്സിന് താഴെ | 1300 | 200 | 1500 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1000 | 500 | 1500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) | 1500 | ഇല്ല | 1500 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ് മുതൽ 80 വയസ്സിനു താഴെ വരെ) | 1200 | 300 | 1500 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും) | 1000 | 500 | 1500 |
| | അംഗ പരിമിതി 80% ഉം അതിനു അതിനു മുകളിലും (18 വയസ്സിനു താഴെ) | 1500 | ഇല്ല | 1500 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സിൽ താഴെ | 1500 | ഇല്ല | 1500 |
| | 40 വയസ്സ് മുതൽ 80 വയസ്സിനു താഴെ വരെ | 1200 | 300 | 1500 |
| | 80 വയസ്സും അതിനു മുകളിലും | 1000 | 500 | 1500 |
| കർഷക തൊഴിലാളി പെൻഷൻ | | 1500 | ഇല്ല | 1500 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 1500 | ഇല്ല | 1500 |